(സി&ഡി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജലസ്രോതസ്സുകളുണ്ട്. മിക്കവാറും എല്ലാ ജലസ്രോതസ്സുകളും കുടിവെള്ള വിനിയോഗത്തിന് പ്രയോജനപ്പെടുന്നുണ്ട്. പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ അതിനാവശ്യമായ സ്രോതസ്സുകളെപ്പറ്റി വിലയിരുത്താറുണ്ട്.

തയ്യൽ തൊഴിലാളി ക്ഷേമ നിധി

22 (*502) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എം. എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തയ്യൽ തൊഴിലാളി ക്ഷേമ നിധിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) തയ്യൽ തൊഴിലാളി ക്ഷേമ നിധി നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം തയ്യൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) അംഗങ്ങളിൽനിന്നും അംശദായം സ്വീകരിക്കുന്നതിനുള്ള ബാങ്കുകളുടെ പാനലിൽ സഹകരണ ബാങ്കുകളെകൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ക്ഷേമനിധിയുടെ ആനുകൂല്യം വിപുലീകരിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) അംഗങ്ങളായവരുടെ പെൺമക്കളുടെ വിവാഹത്തിന് നൽകുന്ന ധനസഹായം അവിവാഹിതകളായ അംഗങ്ങൾക്ക് കൂടി നൽകാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഇപ്പോൾ തയ്യൽ തൊഴിലാളി ക്ഷേമ നിധിയിൽ എത്ര അംഗങ്ങളാണുള്ളത് ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ.വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്. കേരള തയ്യൽ തൊഴിലാളി ക്ഷേമ നിധിബോർഡിന്റെ വാർഷിക ഭരണറിപ്പോർട്ട് ഓഡിറ്റ് റിപ്പോർട്ട് എന്നിവ സർക്കാർ കാലാകാലങ്ങളിൽ അവലോകനം ചെയ്യുകയും ബോർഡിന്റെ വാർഷിക ബഡ്ജറ്റിന് അംഗീകാരം നല്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ പദ്ധതി ഭേദഗതിയും സർക്കാർ അംഗീകാരത്തോടെ നടപ്പിൽവരുത്തുന്നുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ചെയർമാൻമാരുടെയും യോഗം സർക്കാർ കാലാകാലങ്ങളിൽ വിളിച്ചുകൂട്ടുകയും അത് വഴി മറ്റുള്ള ക്ഷേമനിധികൾക്കൊപ്പം തയ്യൽ തൊഴിലാളി ക്ഷേമ നിധിയുടേയും പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശവും സഹായവും നൽകുകയും ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തയ്യൽ തൊഴിലാളി ക്ഷേമ നിധി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം തയ്യൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം 230 തയ്യൽ സ്ഥാപനങ്ങൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പരിഗണിക്കാം. ഇതിനായി സഹകരണബാങ്കുകൾ കളക്ഷൻ ബാങ്കുകളുടെ പാനലിൽ ഉൾപ്പെടുത്തുന്നതിനായി ബോർഡിനോട് ആവശ്യപ്പെടേണ്ടതുണ്ട്.

(ഡി) ഉണ്ട്. അംഗങ്ങളുടെ ആദ്യ പെൺകുട്ടിയുടേയും വനിതാ അംഗങ്ങളുടെയും വിവാഹത്തിന് 1000 രൂപ ധനസഹായമായും രണ്ടാമത്തെ പെൺകുട്ടിയുടെ വിവാഹത്തിന് അംഗം അടച്ചിട്ടുള്ള തുകയിൽ നിന്ന് 1000 രൂപ തിരിച്ച് പിടിക്കേണ്ടതല്ലാത്ത അഡ്വാൻസായും നല്കുന്നതിന് പദ്ധതിയിൽ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. കൂടാതെ അംഗങ്ങളുടെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കൂടി സ്കോളർഷിപ്പ് ബാധകമാക്കുന്ന കാര്യവും പരിശോധിച്ച് വരുന്നു.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) 2,09,323 പേർ.

വ്യവസായ സ്ഥാനങ്ങളിലെ ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം

23 (*503) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ട്രേഡ് യൂണിയനുകളുടെ പെരുപ്പം നിയന്ത്രിക്കുന്നതിന് എല്ലാ വ്യവസായ സ്ഥാപനങ്ങളിലും 'റഫറണ്ടം' നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ട്രേഡ് യൂണിയനുകളുടെ റഫറണ്ടത്തിൽ അംഗീകാരം ലഭിക്കുന്നതിന് എത്ര ശതമാനം വോട്ടാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) റഫറണ്ടം നടത്താത്ത വ്യവസായ സ്ഥാപനങ്ങളുടെ ഉടമകളുടെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ഇ) ട്രേഡ് യൂണിയനുകളുടെ അംഗീകാരം സംബന്ധിച്ച് നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly